## കത്തുകൾ – പ്രതികരണങ്ങൾ
### കേരളീയം, തൃശ്ശൂർ-21

# ശബരിമല : വികസനം വേണ്ട

ഓരോ ശബരി മല തീർത്ഥാടന കാലത്തും ദേവസ്വം ബോർഡും നിക്ഷിപ്ത താല്പര്യക്കാരും ഉന്നയിക്കുന്ന ആവശ്യമാണ് ശബരി മല വികസനത്തിനായി വന ഭൂമി വിട്ടുകിട്ടണമെന്നത്. രാഷ്ട്രീയ നേതൃത്വങ്ങളും ദുഷ്ടലാക്കോടെ ഈ നിർദ്ദേശത്തിന് പിന്തുണ നൽകുന്നു. പക്ഷെ അയ്യപ്പന്റെ യഥാർത്ഥ ഭക്തരും ദേവസ്വം ഒരുക്കുന്ന വികസനവാദം എന്ന ഈ കെണിയിൽ പെട്ടുപോകുന്നു എന്നത് ദുഖകരമാണ്.

ശബരി മല ക്ഷേത്രം ഉൾപ്പെടുന്ന വന പ്രദേശം പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗമാണ്. ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും അവിടെ അനുവദനീയമല്ല. ഇവിടെ ഭൂമി വിട്ടുകിട്ടണമെന്ന് ഭക്തരെക്കൊണ്ട് ദേവസ്വം പറയിക്കുന്നു. പക്ഷെ, ഗവൺമെന്റ് വനസംരക്ഷണ നിയമങ്ങളും മറ്റും കൊണ്ടുവരുന്നതിന് മുൻപുതന്നെ ഭക്തർക്ക് പാവനമായ പ്രദേശമാണ് ഇവിടം. അയ്യപ്പന്റെ പൂങ്കാവനം. ഇവിടത്തെ പുലികളും മറ്റു മൃഗങ്ങളും ഒക്കെ അയ്യപ്പന്റെ കളിക്കൂട്ടുകാരാണ്. ഇത്രയും വിശുദ്ധമായ ഒരു പ്രദേശം വിശുദ്ധമായിത്തന്നെ സംരക്ഷിക്കപ്പെടണം. ഇതിനെ ഒരു കാരണവശാലും ഒരു കോൺക്രീറ്റ് വനമാക്കാൻ അനുവദിച്ചുകൂടാ.

ശബരിമല ഒരു കാനനക്ഷേത്രമാണ്. അവിടത്തെ ബുദ്ധിമുട്ടുകൾ സഹിക്കാം എന്ന് കരുതുന്നവർ മാത്രം അങ്ങോട്ട് വന്നാൽ മതി. ആ ബുദ്ധിമുട്ടുകളെ തരണം ചെയ്യാനാണ് നാല്പത്തൊന്നു ദിവസത്തെ വ്രതവും മറ്റനുഷ്ഠാനങ്ങളും. അതിനൊന്നും നിൽക്കാതെ സുഖവാസം പോലെ ശബരിമലയിലെത്തുന്നവരാണ് വികസനത്തിനു വേണ്ടി വാദിക്കുന്നത്.

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോഴും മരങ്ങൾ വെട്ടി മാറ്റുമ്പോഴും കയ്യിട്ടുമാന്താവുന്ന കോടികൾക്ക് വേണ്ടിയാണ് ദേവസ്വം ഭരിക്കുന്ന രാഷ്ട്രീയക്കാർ വനഭൂമി വിട്ടുകിട്ടുന്നതുവേണ്ടി വാദിക്കുന്നത്. പക്ഷെ ഹൈന്ദവ സംഘടനകൾ വികസനത്തിന് വേണ്ടി വാദിക്കുന്നത് കഷ്ടമാണ്. മാധ്യമങ്ങൾ ശബരി മലവികസനവാദത്തിന് പുറകിലുള്ള കള്ളികൾ വെളിച്ചത്തുകൊണ്ടുവരണം. അയ്യപ്പന്റെ പൂങ്കാവനം ഒരു കാരണവശാലും കളങ്കപ്പെടുത്തിക്കൂടാ!

**എസ്. രാമചന്ദ്രൻ പിള്ള,**
**വലിയപുരയ്ക്കൽ, പട്ടാമ്പി, പാലക്കാട്**

# കുട്ടികൾ മാതൃകയാവുന്നു

മുണ്ടൂരിലെ സൽസബിൽ സ്കൂളിലെ കുട്ടികളായ ഇ. കെ. ഇഷിത, ഷാദിയ മുസ്തഫ, വി അരവിന്ദ് എന്നീ കുട്ടികൾ തങ്ങളുടെ നർമ്മദാ യാത്ര കേരളീയത്തിലൂടെ വിവരിച്ചപ്പോൾ ശരിക്കും അത്ഭുതപ്പെട്ടുപോയി. ഇത്രയും ദൂരം യാത്രചെയ്ത് വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങൾ നേടുവാനും ദീദിയെക്കണ്ട് സമരത്തിൽ തങ്ങളുടെ പങ്ക് ഉറപ്പുവരുത്തുവാനുമുള്ള ഇവരുടെ സഹനങ്ങൾ എടുത്തു പറയത്തക്കതാണ്. മറ്റുള്ളവർ കാട്ടിക്കൂട്ടുന്ന കോമാളിത്തങ്ങളിൽ നിന്നും വേറിട്ടുനിന്നുകൊണ്ടൊരു പുത്തൻ പ്രവണത സൃഷ്ടിക്കുവാൻ ശ്രമിക്കുന്ന സൽസബീൽ സ്കൂളിലെ കുട്ടികൾക്കും അധ്യാപകർക്കും പ്രത്യേക അനുമോദനങ്ങൾ നേരുന്നതോടൊപ്പം അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

**കെ. പി. രാജലക്ഷ്മി,**
**മൈനയൂർ, തൃശ്ശൂർ.**